Government of Kerala

Kerala Infrastructure and Technology for Education

നം : കൈറ്റ്/2024/1562 (28) തീയതി : 14.06.2024

## സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2024-2027 ബാച്ചിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രായോഗിക പരീക്ഷയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് അവസരം ദീർഘിപ്പിച്ച് നൽകുന്നതു സംബന്ധിച്ച്

സൂചന:- 1. സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.
2. ഈ ഓഫീസിലെ 07.06.2024 ലെ KITE/2024/1562 (27) നമ്പർ സർക്കുലർ

സൂചന 2 പ്രകാരം ലിറ്റിൽ കൈറ്റ്സ് 2024-27 ബാച്ചിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷയിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് കുട്ടികൾ 11.06.2024 വരെ സ്കൂൾ പ്രഥമാധ്യാപകർക്ക് അപേക്ഷ സമർപ്പിക്കുവാനും 12.06.2024-നകം അപേക്ഷാ വിവരം ഓൺലൈനിൽ ചേർക്കുന്നതിനും നിർദേശം നൽകിയിരുന്നു. എന്നാൽ ചില വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകർ കുട്ടികളിൽ നിന്നും ലഭിച്ച അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യുന്നതിന് വീഴ്ച സംഭവിച്ചതായി അറിയിച്ചിരിക്കുന്നു. അപേക്ഷ സമർപ്പിച്ച കുട്ടികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ ഈ കുട്ടികളുടെ വിവരങ്ങൾ ഓൺ ലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തി താൽക്കാലികമായി പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിലേക്ക് പ്രഥമാധ്യാപകരിൽ നിന്നും വിവരം ശേഖരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന ഫോർമാറ്റിൽ ഇന്ന് (14.06.2024) ഉച്ചയ്ക്ക് 2 മണിക്കകം കൈറ്റിന്റെ സ്റ്റേറ്റ് ഓഫീസിൽ അതത് ജില്ലാ കോ-ഓർഡിനേറ്റർ ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുകയും ഇത് സംബന്ധിച്ച പ്രഥമാധ്യാപകന്റെ വിശദീകരണം ശേഖരിച്ച് അത് തൃപ്തികരമാണെങ്കിൽ മാത്രം പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികളിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നവർക്ക് അംഗത്വം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാരും സ്കൂൾ പ്രഥമാധ്യാപകരുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ,
എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും - (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

**പകർപ്പ്**

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ

| List of Students who are requested to appear for Aptitude Test for the Selection of Little KITE's Membership – 2024-27 Batch | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| District | | | | | | | | | | | |
| school_code | Admission Number | Student Name | class | division | Date of Birth | gender | phone | father name | mother name | guardian name | address |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

**Signature of District Co-ordinator**